# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 239 — 07/12/2018-ൽ മറുപടിക്ക്

## റാംസർ തടാകങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | സംസ്ഥാനത്തെ റാംസർ തടാകങ്ങളുടെ പുനരുദ്ധാരണത്തിനായി ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | സംസ്ഥാനത്തെ റാംസർ തടാകങ്ങളുടെ പുനരുദ്ധാരണത്തിനായി ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.<br>കേരളത്തിലെ റാംസർ തടാകങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിലും വേണ്ടി തയ്യാറാക്കിയ 5 വർഷത്തെ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ കേന്ദ്ര സഹായത്തിനായി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശാസ്താംകോട്ട, അഷ്ടമുടി, വേമ്പനാട് എന്നിവയുടെ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുകയും കേന്ദ്ര വിഹിതമായ (60%) 207.075 ലക്ഷം രൂപ (35.775 ലക്ഷം, 86.85 ലക്ഷം, 84.45 ലക്ഷം) ആദ്യ വർഷ ഗഡുവായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശിപാർശയിൻമേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | | |

| ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) | ആകെ |
|---|---|---|---|
| ശാസ്താംകോട്ട | 35.775 ലക്ഷം | 23.85 ലക്ഷം | 59.625 ലക്ഷം |
| അഷ്ടമുടി | 86.85 ലക്ഷം | 57.90 ലക്ഷം | 144.75 ലക്ഷം |
| വേമ്പനാട് | 84.45 ലക്ഷം | 56.30 ലക്ഷം | 140.75 ലക്ഷം |
| **ആകെ** | 207.075 ലക്ഷം | 138.05 ലക്ഷം | 345.125 ലക്ഷം |

21-03-2018 ലെ സ.ഉ.(സാധാ)നം. 37/2018/പരി അനുസരിച്ച് കേന്ദ്ര വിഹിതമായ 207.075 ലക്ഷം രൂപയും (60%) സംസ്ഥാന വിഹിതമായ 138.05 ലക്ഷം രൂപയും (40%) ചേർത്ത് 345.125 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ സാമ്പത്തിക വർഷാ

| | | | |
|---|---|---|---|
| | | | വസാനം അനുവദിച്ച തുക ആയതിനാൽ ടി തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ പിടിക്കുകയും ചെയ്തു. സാമ്പത്തിക വർഷാവസാനം അനുവദിച്ച തുക ആയതിനാൽ ടി തുക വിനിയോഗിക്കുന്നതിനായി ഒരു വർഷത്തെ കാലാവധി കൂടി നീട്ടി നൽകികൊണ്ടുള്ള കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ തിരികെ പിടിച്ച തുകയുടെ 50% ആയ 172.56 ലക്ഷം രൂപ 31-07-2018 ലെ സ.ഉ(സാധാ) നം. 93/2018/പരി അനുസരിച്ച് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത തടാകങ്ങളുടെ സംരക്ഷണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, തദ്ദേശീയർ എന്നിവരുടെ പിന്തുണ ഉറപ്പാക്കാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | ഓരോ റാംസർ തണ്ണീർത്തടങ്ങളുടേയും തീരത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അവിടെ വസിക്കുന്നവരുടേയും അത് ഉപയോഗിക്കുന്നവരുടേയും വിവിധ വകുപ്പുകളുടേയും സഹകരണത്തോടെയാണ് അംഗീകരിച്ച ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാനിലെ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ**